# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1133** **13/12/2012 -ൽ മറുപടിക്ക്**

## വിദ്യാർത്ഥികളിലെ സംരംഭക മികവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) വിദ്യാർത്ഥികളിലെ സംരംഭക മികവ് പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;<br><br>(സി) വിദ്യാർത്ഥികളുടെ സംരംഭക മികവ് വർദ്ധിപ്പിക്കുവാൻ എന്തൊക്കെ കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | (എ), (ബി) & (സി)<br><br>വിദ്യാർത്ഥികളിലെ സംരംഭക മികവ് പ്രോത്സാഹിപ്പിക്കുവാനായി വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഈ വിഷയം പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കുകയും ഒപ്പം പ്രായോഗിക പരിശീലന പരിപാടികളും നടപ്പാക്കിവരുന്നു. വിദ്യാർത്ഥികളെ സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുകയും തൊഴിൽ സംരംഭകരാകാൻ പ്രാപ്തരാക്കുകയുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി ഓൺ ദ ജോബ് ട്രെയിനിംഗ്, പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്റർ എന്നിവയും വിദ്യാർത്ഥികൾ ചെയ്തു വരുന്നു. പ്രൈമറി, സെക്കണ്ടറി, ഹയർ സെക്കണ്ടറി തലത്തിൽ പദ്ധതികൾ നിലവിലില്ല. |
| (ഡി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണ് ; വ്യക്തമാക്കുമോ ; | (ഡി) വിദ്യാർത്ഥികളും പൊതുജനങ്ങളുമാണ് ഗുണഭോക്താക്കൾ. |
| (ഇ) വിദ്യാർത്ഥികളായ സംരംഭകർക്ക് എന്തെല്ലാം ഇളവുകളാണ് അനുവദിക്കുന്നതെന്ന് വിശദമാക്കുമോ ? | (ഇ) വിദ്യാർത്ഥികളായ സംരംഭകർക്ക് പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും നിലവിൽ ഇളവുകളൊന്നും നൽകിവരുന്നില്ല. |

Sreedevi

സെക്ഷൻ ഓഫീസർ